I/30818/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടിക്രമം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ് , ശാന്തിനഗർ, തിരുവനന്തപുരം-695001**

**ഹാജർ : ഇൻപശേഖർ.കെ, ഐ.എ.എസ്**

---

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അധ്യയന വർഷം എംബിബിഎസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ3/196/2022/സി.ഇ.ഇ** **തീയതി:01-02-2023**

---

പരാമർശം:- 1) സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2018/ആകുവ തീയതി 06/06/2018.
2) സർക്കാർ ഉത്തരവ് (എം.എസ്) നം. 138/2018/ആകുവ തീയതി 19/07/2018.
3) സർക്കാർ ഉത്തരവ് (എം.എസ്) നം. 169/2018/ആകുവ തീയതി 19/08/2018
4) 23/07/2020-ലെ WP(C)No.7771/2018 & connected case –ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
5) 27/01/2021-ലെ WP(C)No.25475 &26683/2020 –ലെ ബഹു.ഹൈക്കോടതി ഉത്തരവ്.
6) സർക്കാർ ഉത്തരവ് (പി) നം. 83/2018/ആകുവ തീയതി 05/06/2018.
7) ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ3/693/2019/പ്രപക.
8) ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ3/196/2022/പ്രപക.
9) 11/02/2021, 06/08/2021 തീയതികളിലെ ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ എ3/693/2019/പ്രപക
10) 24/01/2023-ലെ കേരള ആരോഗ്യ സർവ്വകലാശാലാ രജിസ്ട്രാറുടെ കത്ത് നമ്പർ 14754/2021/B2/Ex.Med/KUHS

**ഉത്തരവ്**

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1), (2),(3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (4) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിരുന്നു. പരാമർശം (5) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2018-19 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ

അർഹത പരിശോധിച്ച് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിക്കുകയും, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ നിന്നുള്ള ടിയാന്മാരുടെ പരീക്ഷാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് അവരുടെ തുടർ വർഷങ്ങളിലെ സ്കോളർഷിപ്പ് പരാമർശം (7), (8) ഉത്തരവുകൾ പ്രകാരം അനുവദിക്കുകയും, പരാമർശം (6) പ്രകാരം സർക്കാർ അംഗീകരിച്ച ട്യൂഷൻ ഫീസിന്റെ 90% തുക കോർപ്പസ് ഫണ്ടിൽ നിന്നും സ്കോളർഷിപ്പായി വിതരണം ചെയ്തിട്ടുള്ളതുമാകുന്നു.

തിരുവനന്തപുരം Dr.SMCSI മെഡിക്കൽ കോളേജിലെ ശ്രീ പ്രവീൺ ജെ പി-ക്ക് ഒന്ന്, രണ്ട് വർഷത്തെ സ്കോളർഷിപ്പ് തുക പരാമർശം (9) ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിജയിക്കാത്തതിനാൽ ടിയാന് തുടർ വർഷങ്ങളിൽ ബിപിഎൽ സ്കോളർഷിപ്പ് അനുവദിച്ചിരുന്നില്ല. പരാമർശം (10) പ്രകാരം ടിയാൻ രണ്ടാം വർഷത്തെ യൂണിവേഴ്സിറ്റി പരീക്ഷയിൽ വിജയിച്ചതായി കേരള ആരോഗ്യ സർവ്വകലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2018-19 അധ്യയന വർഷം തിരുവനന്തപുരം Dr.SMCSI മെഡിക്കൽ കോളേജിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിക്കുകയും, പരാമർശം (9) പ്രകാരം ഒന്ന്, രണ്ട് വർഷത്തേക്ക് ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്ത ശ്രീ പ്രവീൺ ജെ പി-ക്ക് പരാമർശം (6) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച ട്യൂഷൻ ഫീസിന്റെ 90% തുക ബിപിഎൽ സ്കോളർഷിപ്പായി മൂന്നാം വർഷത്തേക്ക് അനുവദിച്ച് ഉത്തരവാകുന്നു. പട്ടിക ചുവടെ ചേർക്കുന്നു.

**Annexure**

| Sl.No. | Sl.No. in the Register | Name of Students | Roll No. | Name of College | Tuition Fee (Approved by AFRC) | BPL Scholarship (90% of Tuition Fee) |
|---|---|---|---|---|---|---|
| 1 | 8 | Praveen J P | 231810 | Dr.SMCSI Medical College Thiruvananthapuram | 560000/- | 504000/- |

**Total - ₹504000/-**

**(Rupees Five lakh and Four thousand only)**

Signed by
Inbasekar K Ias
Date: 01-02-2023 11:01:41
പ്രവേശന പരീക്ഷാ കമ്മീഷണർ

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാർത്ഥിക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

5. ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം

6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം